# ലേലപരസ്യം /ക്വട്ടേഷൻ പരസ്യം

No: A3-375/16 dt 12/4/2018

മുവാറ്റുപുഴ മൈനർ ഇറിഗേഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും പൊതു ജനങ്ങളുടെ അറിവിലേക്ക് പരസ്യം ചെയ്യുന്നത്.

ഈ ഓഫീസിൽ ഉപയോഗിച്ചിരുന്ന 1999 മോഡൽ വകുപ്പുതല അംബാസിഡൽ കാർ നം. KL-01-P 7090 കാലപ്പഴക്കം മൂലം ഉപയോഗശൂന്യമായതിനാൽ 2018-ാം മാണ്ട് ഏപ്രിൽ മാസം 24 -ാം തിയ്യതി രാവിലെ 11 മണിക്ക് കാക്കനാട് സിവിൽ സ്റ്റേഷൻ പരിസരത്ത് വാഹനം പാർക്ക് ചെയ്തിട്ടുള്ള സ്ഥലത്തുവച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതാണ്.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ കൃത്യസമയത്ത് എത്തിച്ചേർന്ന് 500 രൂപ നിരതദ്രവ്യം കെട്ടിവച്ച് ലേലത്തിൽ പങ്കെടുക്കേണ്ടതാണ്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ്എഞ്ചിനീയർക്ക് മാറ്റാവുന്ന വിധത്തിൽ അധികാരപ്പെടുത്തിയ പ്രസ്തുത തുകയ്ക്കുള്ള നിരതദ്രവ്യം ഉള്ളടക്കം ചെയ്ത ക്വട്ടേഷൻ രജിസ്റ്റേഡ് തപാൽ മുഖേനയോ നേരിട്ടോ സമർപ്പിക്കാവുന്നതാണ്. രജിസ്റ്റേഡ് തപാലിൽ സമർപ്പിക്കുന്ന ക്വട്ടേഷനുകൾ ലേലം നടത്തുന്നതിന് തൊട്ടു മുൻപുള്ള പ്രവൃത്തി ദിവസം ഉച്ച കഴിഞ്ഞ് 4 മണിക്കു മുമ്പായി ഈ ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്. നേരിട്ടുള്ള ക്വട്ടേഷനുകൾ ലേല നടപടികൾ തുടങ്ങുന്ന സമയത്തു (അതായത് രാവിലെ 11.00 മണി) ലേലം നടത്തുന്ന സ്ഥലത്ത് താഴെ ഒപ്പിട്ടിരിക്കുന്ന അധികാരി സമക്ഷമോ അല്ലെങ്കിൽ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്റെ സമക്ഷമോ ഹാജരാക്കേണ്ടതാണ്. ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളവരും ലേല സ്ഥലത്ത് നിശ്ചിത സമയത്ത് തന്നെ ഹാജരാകേണ്ടതാണ്. അല്ലാത്തപക്ഷം തങ്ങൾ ക്വോട്ട് ചെയ്തിക്കുള്ള തുകയും ജി.എസ്.ടിയും ഉൾപ്പെടെയുള്ള തുകയ്ക്കുള്ളതും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ മുവാറ്റുപുഴ യിൽ മാറ്റാവുന്നതുമായ ഒരു ഡിമാന്റ് ഡ്രാഫ്റ്റ് ക്വട്ടേഷനോടൊപ്പം അടക്കം ചെയ്യേണ്ടതാണ്. തുക അടക്കം ചെയ്യാതെ ക്വട്ടേഷൻ സമർപ്പിച്ചശേഷം നേരിട്ട് ഹാജരാകുന്നില്ലായെങ്കിൽ അവരുടെ ക്വട്ടേഷൻ പരിഗണിക്കുന്നതല്ല. ക്വട്ടേഷൻ സമർപ്പിച്ചിട്ടുള്ളവർക്കും ലേലത്തിൽ പങ്കെടുക്കാവുന്നതാണ്. ഇങ്ങനെ പങ്കെടുക്കുന്ന പക്ഷം അവരും ലേലത്തിൽ പങ്കെടുക്കുന്ന മറ്റുള്ളവരെപ്പോലെ തന്നെ, നിരതദ്രവ്യം രൊക്കം പണമായി കെട്ടിവയ്ക്കേണ്ടതാണ്. കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്നാൾക്ക് അല്ലെങ്കിൽ നിയമവിധേന ഏറ്റവും കൂടുതൽ തുക ക്വോട്ട് ചെയ്തിട്ടുള്ളയാൾക്ക് ലേലം ഉറപ്പിക്കുന്നതാണ്. ലേലം കൊണ്ടയാൾ ലേല സംഖ്യയും 18% ജി.എസ്.ടിയും ഉൾപ്പെടെയുള്ള മുഴുവൻ തുകയും അപ്പോൾത്തന്നെ അടയ്കേണ്ടതാണ്. ലേലം സ്ഥിരപ്പെടുത്തി അറിയിപ്പുകിട്ടി ഏഴു ദിവസത്തിനകം ലേല വസ്തു സ്ഥല ത്തുനിന്നും നീക്കം ചെയ്യേണ്ടതാണ്. സർക്കാരിന്റെ എല്ലാ ലേല നിബന്ധനകളും ഈ ലേലത്തിനും ബാധകമാണ്. ഏതെങ്കിലും കാരണവശാൽ നിശ്ചിത ദിവസം അവധിയായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സ്ഥലത്തും അതേ സമയത്തും ലേലം നടത്തുന്നതായിരിക്കും. ലേല നിബന്ധനകളിലോ സമയത്തിലോ മാറ്റം ഉണ്ടായിരിക്കുന്നതല്ല. ഈ ലേലം സംബന്ധിച്ച കൂടുതൽ വിശദാംശങ്ങൾ ഈ ഓഫീസിൽ നിന്നും ഓഫീസ് സമയങ്ങളിൽ അന്വേഷിച്ച് അറിയാവുന്നതാണ്.

മുവാറ്റുപുഴ

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ

പകർപ്പ്:-

1. എക്സിക്യൂട്ടീവ് എഞ്ചിനീയർ എം.ഐ ഡിവിഷൻ എറണാകുളത്തിന്റെ അറിവിലേക്കും തുടർ നടപടി കൾക്കുമായി സമർപ്പിക്കുന്നു.
2. സൂപ്രണ്ടിംഗ് എഞ്ചിനീയർ, എം.ഐ സെൻട്രൽ സർക്കിൾ എറണാകുളത്തിന്റെ അറിവിലേക്ക് സമർപ്പിക്കുന്നു.
3. അസിസ്റ്റന്റ് എഞ്ചിനീയർ മൈനർ ഇറിഗേഷൻ സെക്ഷൻ മുവാറ്റുപുഴ, കോതമംഗലം, കൂത്താട്ടുകുളം- നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി നിർദ്ദേശിക്കുന്നു.
4. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി ഡബ്ല്യൂ.ഡി മെക്കാനിക്കൽ സബ് ഡിവിഷൻ ചാലക്കുടി
5. നോട്ടീസ് ബോർഡ്
6. മുവാറ്റുപുഴ മുനിസിപ്പൽ ഓഫീസ്
7. എക്സിക്യൂട്ടീവ് എഞ്ചിനീയർ എം.വി.ഐ.പി ഡിവിഷൻ നം 3, മുവാറ്റുപുഴ